# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.668 — 12/06/2013 ൽ മറുപടിക്ക്

## മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളുടെ അളവും തോതും ബന്ധപ്പെട്ട വകുപ്പ് ഡയറക്ടർമാർ / മേധാവികൾ സാക്ഷ്യപ്പെടുത്തി അയയ്ക്കുന്ന ഇന്റന്റ് അനുസരിച്ചാണ് കോർപ്പറേഷൻ ദേശീയ അടിസ്ഥാനത്തിലുള്ള മത്സര ടെണ്ടറുകളിലൂടെ സംഭരിച്ച് വിതരണം ചെയ്യുന്നത്. |
| (ബി) | വാങ്ങേണ്ട മരുന്നുകളുടെ സംസ്ഥാന ലിസ്റ്റ് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | അവശ്യ മരുന്നു പട്ടികയിൽപ്പെട്ട (EDL) മരുന്നുകളും, റാഷണൽ ഡ്രഗ്ഗ് ലിസ്റ്റിൽപ്പെട്ട (RDL) മരുന്നുകളുമാണ് കോർപ്പറേഷൻ പ്രധാനമായും വാങ്ങി ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്. ഇതിൽ EDL ലിസ്റ്റ് തയ്യാറാക്കുന്നത് ആരോഗ്യ വകുപ്പിലെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരുൾപ്പെട്ട കമ്മിറ്റിയാണ്. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മരുന്നു വിതരണം നടത്തുന്നതിന് തീരുമാനിച്ചതനുസരിച്ച് |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ മേധാവികൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി മേൽപ്പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വ്യാപകമായി ഉപയോഗിക്കുന്നതുമായ മരുന്നുകളുടെ പട്ടിക റാഷണൽ ഡ്രഗ് ലിസ്റ്റ് (RDL) തയ്യാറാക്കുകയും ചെയ്തു. |
| (സി) | വാങ്ങുന്ന മരുന്നുകളുടെ എത്ര ശതമാനം ഓരോ വർഷവും കാലാവധി കഴിയുന്നതിന്റെ പേരിൽ നശിപ്പിക്കപ്പെടുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. ആശുപത്രികൾ നൽകുന്ന ഇന്റന്റിലെ അപാകതകൾ മൂലം ചില മരുന്നുകൾ കാലാവധി കഴിയുവാൻ ഇടയാകാറുണ്ട്. കാലാവധി കഴിഞ്ഞ മരുന്നുകളുടെ ശതമാനക്കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| Tender Year | Expired % |
|---|---|
| 2008-09 | -- |
| 2009-10 | 0.87 |
| 2010-11 | 0.52 |
| 2011-12 | 0.29 |
| 2012-13 | 0.34 |
| **ശരാശരി** | **0.36** |

(signature)

സെക്ഷൻ ഓഫീസർ